"ഭരണഭാഷ - മാതൃഭാഷ"

Q1/104096/2016/Coll.Edn

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ
തിരുവനന്തപുരം
തീയതി: 29/11/2016

## വിജ്ഞാപനം

## കേരളാ സ്റ്റേറ്റ് മെരിറ്റ് സ്കോളർഷിപ്പ് പുതുക്കൽ 2016 -17

മുൻവർഷങ്ങളിൽ കേരളാ സ്റ്റേറ്റ് മെരിറ്റ് സ്കോളർഷിപ്പ് ലഭിച്ചിട്ടുള്ളതും , പ്രസ്തുത സ്കോളർഷിപ്പ് ചട്ടപ്രകാരം പുതുക്കി ലഭിക്കാൻ അർഹതയുള്ളതുമായ വിദ്യാർത്ഥികളിൽ നിന്നും 2016 -17 അദ്ധ്യയന വർഷത്തേക്ക് സ്കോളർഷിപ്പ് പുതുക്കുന്നതിന് ഓൺലൈൻ മുഖേന പുതുക്കൽ അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു.

അപേക്ഷകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് വെബ്സൈറ്റായ www.dcescholarship.kerala.gov.in ൽ State Merit Scholarship (SMS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് 20/12/2016 -ാം തീയതി വരെ ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കാം.

### 1. യോഗ്യത:-

അപേക്ഷകർ കഴിഞ്ഞ അദ്ധ്യയന വർഷത്തെ പരീക്ഷ 50% മാർക്കിൽ കുറയാതെ നേടി വിജയിച്ചിരിക്കണം.

### 2) സ്കോളർഷിപ്പ് തുക

| കോഴ്സ് | തുക പ്രതിവർഷം (രൂപ) |
|---|---|
| ബിരുദം | 1250/-PM |
| ബിരുദാനന്തര ബിരുദം | 1500/- PM |

**3) ബന്ധപ്പെട്ട മറ്റു വിവരങ്ങൾ :**

1) അപേക്ഷകർക്ക് ഐ.എഫ്.എസ്.സി. കോഡുള്ള നാഷണലിസ്റ്റ്/ഷെഡ്യൂൾഡ്/ കൊമേഴ്സ്യൽ എന്നിവയിൽ ഏതെങ്കിലും ഒരു ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. രക്ഷാകർത്താവുമായി ചേർന്നുള്ള മൈനർ അക്കൗണ്ടുള്ളവർ സ്വന്തം പേരിൽ മാത്രമായുള്ള മേജർ അക്കൗണ്ടായി മാറ്റേണ്ടതാണ്. അപേക്ഷ ഓൺലൈനായി സമർപ്പിക്കുമ്പോൾ അക്കൗണ്ട് ലൈവ് ആയിരിക്കേണ്ടതാണ്.

**4) അപേക്ഷിക്കേണ്ട രീതി :**

അപേക്ഷകൾ ഓൺലൈനായി 20/12/2016 -ാം തീയതി വരെ സമർപ്പിക്കാവുന്നതാണ്. ഇതിനായി

എ) www.dcescholarship.kerala.gov.in എന്ന വെബ്സൈറ്റിലെ state merit scholarship (SMS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

1) വലതു വശത്തെ Renewal button ക്ലിക്ക് ചെയ്യുക

2)അപേക്ഷകർ പഠിക്കുന്ന സ്ഥാപനം സ്ഥിതി ചെയ്യുന്ന ജില്ല(District), Institution type എന്നിവ സെലക്ട് ചെയ്യുക.

(3) അപേക്ഷകൻ പഠിക്കുന്ന സ്ഥാപനത്തിന്റെ പേര് സെലക്ട് ചെയ്യുക.

(4) അപേക്ഷകൻ പഠിക്കുന്ന കോഴ്സിൽ അഡ്മിഷൻ നേടിയ വർഷം സെലക്ട് ചെയ്യുക.

(5) അപേക്ഷകന്റെ പേര് സെലക്ട് ചെയ്യുക

(6) രജിസ്ട്രേഷൻ ഐ.ഡി.പൂരിപ്പിക്കുക. ആവശ്യമായ എല്ലാ വിവരങ്ങളും പൂരിപ്പിച്ചതിനുശേഷം സബ്മിറ്റ് ക്ലിക്ക് ചെയ്യുക.

(ബി)Online-ലൂടെ അപേക്ഷ നൽകിയതിനുശേഷംView / Print Application ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് എടുത്തിരിക്കണം.

(സി) രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ടും, മുൻവർഷത്തെ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പും, വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

(ഡി) വിദ്യാർത്ഥി സമർപ്പിക്കുന്ന രേഖകളും , രജിസ്ട്രേഷൻ പ്രിന്റൗട്ടും ഓൺലൈൻ വഴി സ്ഥാപന മേധാവിയോ (പ്രിൻസിപ്പാളോ/ യൂണിവേഴ്സിറ്റി കളിലെ വകുപ്പ് മേധാവികളോ) അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കേണ്ടതാണ്. **(വെരിഫിക്കേഷൻ )**

സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവി (പ്രിൻസിപ്പാളോ / യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികളോ ) ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം. **(അപ്രൂവൽ)**

(എഫ്). ഓൺലൈൻ വഴി അംഗീകരിച്ച അപേക്ഷകൾ അതാതു സ്ഥാപനങ്ങളിൽതന്നെ സൂക്ഷിക്കേണ്ടതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് ഇൻസ്പെക്ഷൻ ടീമിന്റെ പരിശോധനയ്ക്ക് ഇവ വിധേയമാക്കേണ്ടതാണ്.

**<u>5) സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ട രേഖകൾ:</u>**

1. അപേക്ഷകരുടെ പാസ്പോർട്ട് സൈസ് ഫോട്ടോ പതിച്ച രജിസ്ട്രേഷൻ പ്രിന്റൗട്ട്

2.അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (പേര് , അക്കൗണ്ട് നമ്പർ , ബ്രാഞ്ച് കോഡ് , ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം.)

3) മുൻ അദ്ധ്യയന വർഷത്തിലെ പരീക്ഷയിൽ ലഭിച്ച മാർക്ക് ലിസ്റ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ്.

4) എസ്.എസ്.എൽ.സി. മാർക്ക് ലിസ്റ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

**<u>6) അവസാന തീയതികൾ :</u>**

1.വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി: 20/12/2016

2. ഓൺലൈൻ രജിസ്ട്രേഷൻ പ്രിന്റൗട്ടും അനുബന്ധ രേഖകളും സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട തീയതി :20/12/2016

3. സ്ഥാപന മേധാവി സൂക്ഷ്മ പരിശോധന നടത്തി ഓൺലൈൻ ആയി അപ്രൂവൽ നൽകേണ്ട തീയതി: 20/12/2016

സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ